## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2334** **07.02.2019-ൽ മറുപടിക്ക്**

**നികുതി ചോർച്ച തടയുന്നതിനായി നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.എം. ആരിഫ്**<br>**ശ്രീമതി. വീണാ ജോർജ്ജ്**<br>**ശ്രീ.കെ. ബാബു**<br>**,, വി. കെ. സി. മമ്മത് കോയ** | | **ഡോ. ടി.എം. തോമസ് ഐസക്ക്**<br>**(ധനകാര്യവും കയറും വകുപ്പ് മന്ത്രി)** | |
| (എ) | ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ നികുതി പിരിവിലെ കാര്യക്ഷമത കൂടുമെന്ന പ്രതീക്ഷക്കു വിപരീതമായി സംസ്ഥാനത്ത് ഉദ്ദേശം 4000 കോടി രൂപയുടെ നികുതി വെട്ടിപ്പ് നടക്കുന്നതായി അനുമാനിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നികുതി ചോർച്ച തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) | പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വിറ്റഴിക്കുന്ന സാധനങ്ങളുടെ 65% വും അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ്. ജി.എസ്.ടി നടപ്പിലായപ്പോൾ ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയതുകൊണ്ട് അന്തർസംസ്ഥാന ചരക്കുനീക്കത്തിന്റെ വിശദാംശങ്ങൾ ലഭ്യമാകുന്ന ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാകുന്നതിനുണ്ടായ കാലതാമസം വ്യാപകമായ അനധികൃത ചരക്കുനീക്കത്തിനും അതിനെത്തുടർന്നുള്ള നികുതിവെട്ടിപ്പിനും കാരണമായിട്ടുണ്ടെന്നാണ് പ്രാഥമികവിലയിരുത്തൽ. ജി.എസ്.ടി റിട്ടേണുകൾ പൂർണ്ണമായ വിശദാംശങ്ങളോട്ടുകൂടി ഇതുവരെയും ലഭ്യമാകാത്ത സാഹചര്യത്തിൽ റിട്ടേണിന്റെയും കേന്ദ്രം നൽകുന്ന ഐ.ജി.എസ്.ടി ക്രെഡിറ്റിന്റെയും ആധികാരികത ഉറപ്പുവരുത്തുവാൻ സാധ്യമല്ലാത്ത സാഹചര്യമുണ്ട്. പ്രാപ്യസ്ഥാനാധിഷ്ഠിതനികുതിയായിട്ടും ഉല്പാദക സംസ്ഥാനങ്ങളുടെ അത്രപോലും നികുതിപിരിവ് വർദ്ധനവ് കൈവരിക്കാൻ കഴിയാത്തത് നികുതിവെട്ടിപ്പിന്റെയും തെറ്റായ റിട്ടേൺ ഫയൽ ചെയ്തതിന്റെയും കാരണമായിട്ടാണെന്നാണ് പ്രാഥമിക വിലയിരുത്തൽ. 2018 ഏപ്രിൽ മുതൽ ഇ-വേ ബിൽ സമ്പ്രദായം നടപ്പിലായിട്ടുണ്ട്. ഇത്തരം |

| | | | |
|---|---|---|---|
| | | | ഇ-വേ ബില്ലുകളുടെ പരിശോധന ഇന്റലിജൻസ് വിഭാഗം വ്യാപകമായി നടത്തിവരുന്നു. ഇതിനെത്തുടർന്ന് അന്തർസംസ്ഥാനചരക്കുനീക്കവുമായി ബന്ധപ്പെട്ട വിവരങ്ങൾ വകുപ്പിന് ലഭ്യമാണ്. 2017-18 സാമ്പത്തികവർഷത്തിലെ വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള അവസാനതീയതി 2019 ജൂൺ 30 ആണ്. ഇതിന്റെ വിശദമായ സ്കൂട്ടിണി നടത്തുന്നതിലൂടെ നികുതിപിരിവിൽ കാര്യമായ വർദ്ധനവ് കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2018-19 സാമ്പത്തികവർഷത്തിലെ വാർഷികറിട്ടേൺ 2019 ഡിസംബർ മാസം 31 ഓടുകൂടി ലഭ്യമാകും. അതിന്റെ വിശദപരിശോധന ആയതിനുശേഷം മാത്രമേ നടത്താനാവൂ. ഇത്തരം പ്രവർത്തനങ്ങൾ നികുതിചോർച്ച കണ്ടെത്താനും നികുതിപിരിവിൽ കാര്യമായ വർദ്ധനവുണ്ടാക്കാനും സഹായിക്കും. |
| (ബി) | കമ്പ്യൂട്ടർ അധിഷ്ഠിത ജി.എസ്.ടി. ഭരണ സംവിധാനം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടുണ്ടോ; ഇ-വേ ബിൽ പരിശോധനയുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ജി.എസ്.ടി.എൻ ന്റെ സാങ്കേതിക പരിമിതികൾ കാരണം റിട്ടേണുകളുടെ പൂർണ്ണവിവരങ്ങൾ ഇതുവരെയും ലഭ്യമായിട്ടില്ല. ജി.എസ്.ടി.എൻ ൽ നിന്നും ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ബാക്ക് എൻഡ് മോഡ്യൂൾ വികസനം പുരോഗമിച്ചുവരുന്നു. പൂർണ്ണമായ തോതിൽ കമ്പ്യൂട്ടർ അധിഷ്ഠിത റിട്ടേൺ സ്കൂട്ടിണി നടപ്പിലാകുന്നതിന് ഇതിനാൽ കുറച്ചുകൂടി കാലതാമസമുണ്ടാകും. നിലവിലുള്ള വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ഈ പരിമിതിക്കുള്ളിൽ നിന്ന് റിട്ടേൺസ്കൂട്ടിണി മെച്ചപ്പെടുത്തുന്നതിനും ഉദ്യോഗസ്ഥർക്ക് പ്രായോഗികപരിശീലനം നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനെത്തുടർന്ന്, കാര്യക്ഷമതയിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | സംസ്ഥാനത്തെ ഉപഭോക്തൃ ഉല്പന്നങ്ങളിൽ സിംഹഭാഗവും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതാണെന്നതിന്റെയും ഓൺലൈൻ വ്യാപാരം വർദ്ധിച്ചുവരുന്നതിന്റെയും പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ | (സി) | എസ്.ജി.എസ്.ടി അടയ്ക്കുന്നതിനുവേണ്ടി ഉപയോഗിച്ച ഐ.ജി.എസ്.ടി ക്രെഡിറ്റ് ശരിയാണോയെന്ന് പരിശോധിക്കുന്നതിന് റിട്ടേണിന്റെ പൂർണ്ണമായ വിശദാംശങ്ങൾ ആവശ്യമാണ്. നിലവിൽ ഫയൽ ചെയ്യുന്ന റിട്ടേണിൽ ഇത്തരം വിശദാംശങ്ങൾ |

| | | | |
|---|---|---|---|
| | ഐ.ജി.എസ്.ടി. വിഹിതം ആനുപാതികമായി വർദ്ധിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുമോ; | | പൂർണ്ണമായും ലഭ്യമല്ല. 2019 ഏപ്രിലോടുകൂടി പുതിയ ലളിതമായ റിട്ടേൺ ഫോം നിലവിൽ വരും. അതോടുകൂടി ഇപ്പോഴുള്ള ന്യൂനത പരിഹരിക്കപ്പെടും എന്നാണ് പ്രതീക്ഷിക്കുന്നത്. ഇ-വേ ബിൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ഓൺലൈൻ വ്യാപാരവുമായി ബന്ധപ്പെട്ട ഐ.ജി.എസ്.ടി സംസ്ഥാനത്തിന് പൂർണ്ണമായും ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ ഒരു പരിധിവരെ കഴിയും. |
| (ഡി) | നിലവിൽ സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വിഹിതം എത്രയെന്ന് അറിയിക്കാമോ; ഇത് പ്രതീക്ഷിത നിലയിലേക്ക് വളർന്നിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | 2015-16 ലെ നികുതിപിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷികവർദ്ധനവ് കണക്കാക്കി 2018-19 ൽ 2077 കോടി രൂപയാണ് ഒരുമാസത്തെ പ്രൊട്ടക്റ്റഡ് റവന്യൂ ആയി കണക്കാക്കിയിരിക്കുന്നത്. 2018 ഏപ്രിൽ മുതൽ 2018 ഡിസംബർ വരെ പ്രൊട്ടക്റ്റഡ് റവന്യൂ 18,693 കോടിയാണ്. എസ്.ജി.എസ്.ടി ആയി 5,938.50 കോടിയും ഐ.ജി.എസ്.ടി സെറ്റിൽമെന്റ് വഴി 7,614.09 കോടിയും കോമ്പൻസേഷൻ വഴി 2,075 കോടിയും അഡ്-ഹോക്ക് സെറ്റിൽമെന്റ് വഴി 2,313.67 കോടിയും വാറ്റിൽ നിന്ന് 218 കോടിയും ലഭിച്ചു. കോമ്പൻസേഷൻ ദ്വൈമാസ തവണകളായാണ് ലഭിക്കുന്നത്. നവംബർ വരെയുള്ള കോമ്പൻസേഷൻ ലഭ്യമായിട്ടുണ്ട്. ഡിസംബർ - ജനുവരി മാസങ്ങളിലെ കോമ്പൻസേഷൻ 2019 ഫെബ്രുവരി അവസാനത്തോടെ ലഭ്യമാകും. |

സെക്ഷൻ ഓഫീസർ